"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന തുറമുഖ വകുപ്പ് - വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി - 2013-ലെ ഭൂമി ഏറ്റെടുക്കൽ, പുനരധിവാസം, പുനരധിവാസ നിയമം പ്രകാരം വിഴിഞ്ഞത്ത് 9.552 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.250/2026/F&P തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:-

1. 22-01-2026-ാം തീയതിയിലെ സ.ഉ.(സാധാ) നം.56/2026/F&P
2. വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 16-02-2026-ാം തീയതിയിലെ VISL/38/2022-ALM/1177 നം. കത്ത്.
3. വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 10-03-2026-ാം തീയതിയിലെ VISL/2100/2020-E(1)/1254 നം. കത്ത്.

**<u>ഉത്തരവ്</u>**

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തു നിന്നും NH 66 ലേയ്ക്ക് ട്രൈലറുകൾ സുഗമായി പ്രവേശിക്കുന്നതിനും ഹൈവേയിൽ നിന്നും വാഹനങ്ങൾ തുറമുഖ റോഡിലേയ്ക്ക് പ്രവേശിക്കുന്നതിനും ആവശ്യമായ 'U' ടേണുകൾ എടുക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനായി 2013-ലെ ഭൂമി ഏറ്റെടുക്കൽ, പുനരധിവാസം, പുനരധിവാസ നിയമം പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായി, തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിലെ വിഴിഞ്ഞം വില്ലേജിലെ ബ്ലോക്ക് നമ്പർ 14-ൽ 4.40 ആർസ് (10.868 സെന്റ്) ഭൂമി ഏറ്റെടുക്കുന്നതിനായുള്ള നടപടി സ്വീകരിക്കുവാൻ പരാമർശം 1 പ്രകാരം തിരുവനന്തപുരം ജില്ലാ കലക്ടർക്ക് ഭരണാനുമതി നൽകി ഉത്തരവായിരുന്നു.

2. പ്രസ്തുത പ്രദേശത്ത് NATPAC നടത്തിയ സുരക്ഷാ പരിശോധനയിൽ വാഹനങ്ങളുടെ സുഗമമായ സഞ്ചാരവും സുരക്ഷയും ഉറപ്പ് വരുത്തുന്നതിലേക്കായി അധികമായി 9.552 സെന്റ് ഭൂമി കൂടി ഏറ്റെടുക്കേണ്ട വരുമെന്ന് അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് റിപ്പോർട്ട് ചെയ്തിട്ടുള്ളതായും 9.552 സെന്റ് ഭൂമി കൂടി 2013-ലെ ലാന്റ് അക്വിസിഷൻ നിയമം പ്രകാരം ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കുന്നതിനായി പരാമർശം 2 പ്രകാരം വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ NH 66 മായി ബന്ധിപ്പിക്കുന്ന റോഡ് കണക്റ്റിവിറ്റിയുമായി ബന്ധപ്പെട്ട് NATPAC നടത്തിയ സുരക്ഷാ പരിശോധനയുടെ അടിസ്ഥാനത്തിൽ വാഹനങ്ങളുടെ സുഗമമായ സഞ്ചാരവും സുരക്ഷയും ഉറപ്പ് വരുത്തുന്നതിലേക്കായി 2013-ലെ ഭൂമി ഏറ്റെടുക്കൽ, പുനരധിവാസം, പുനരധിവാസ നിയമം പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായി, തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിലെ വിഴിഞ്ഞം വില്ലേജിലെ ബ്ലോക്ക് നമ്പർ 14-ൽ ഉൾപ്പെട്ട താഴെപ്പറയുന്ന സർവേ നമ്പറുകളിലുള്ള ആകെ 9.552 സെന്റ് ഭൂമി **കൂടി** ഏറ്റെടുക്കുന്നതിനായുള്ള നടപടി സ്വീകരിക്കുവാൻ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

ഏറ്റെടുക്കേണ്ട ഭൂമിയുടെ വിവരം:

| Sl.No | Village | Block | Resurvey No | Extent in cents |
|---|---|---|---|---|
| **Location 1** | | | | |
| 1 | Vizhinjam | 14 | 592/3 | 0.180 |
| **Location 2** | | | | |
| 2 | Vizhinjam | 14 | 581/10 | 2.100 |
| 3 | Vizhinjam | 14 | 581/17 | 0.450 |
| 4 | Vizhinjam | 14 | 581/9 | 1.195 |
| **Location3** | | | | |
| 5 | Vizhinjam | 14 | 583/11 | 0.635 |
| 6 | Vizhinjam | 14 | 583/26 | 0.100 |
| 7 | Vizhinjam | 14 | 583/2 | 2.580 |
| 8 | Vizhinjam | 14 | 583/16 | 0.990 |
| 9 | Vizhinjam | 14 | 583/1 | 0.972 |
| 10 | Vizhinjam | 14 | 583/5 | 0.200 |
| 11 | Vizhinjam | 14 | 583/6 | 0.150 |
| **Total** | | | | **9.552** |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ എ കൗശിഗൻ ഐഎഎസ്
സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ്
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള
അക്കൗണ്ടന്റ് ജനറൽ (A&E), കേരള
റവന്യൂ (ബി) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
SF/OC

ഉത്തരവിൻ പ്രകാരം
Signed by
Shajish P
Date: 15-03-2026 14:48:52
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. തുറമുഖ സഹകരണ ദേവസ്വം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്